8 -ാം വർഷം
2024 ജനുവരി 05
പിറവി മൂന്നാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# സമഗ്ര വിമോചനവും സ്വാതന്ത്ര്യവും...

പുറ. 3:1-12, ഏശ 44:28-45:4, 2 തിമോ: 3:10-15, ലൂക്ക 4:16-22

### വിമോചകരാകുന്ന നേതാക്കൾ..

അനീതിയുടെ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് ഒരു ജനതയെ കൈപിടിച്ചുയർത്താൻ തിരഞ്ഞെടുക്കപ്പെടുന്ന നേതാക്കന്മാരെയും, അവരുടെ ഉറച്ച ദൗത്യബോധത്തെയും വേദപുസ്തകതാളുകളിലൂടെ ഇന്നത്തെ വചനഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ദൈവത്തിന്റെ സ്വന്തം ജനത്തെ ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് തേനും, പാലും ഒഴുകുന്ന ദേശത്തേക്ക് നയിക്കാൻ മോശയേയും, ഇസ്രായേലിനെ ബാബിലോൺ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് സ്വദേശത്തേക്ക് തിരികെകൊണ്ടുവന്ന് ജറുസലെമിനെ പുനർനിർമ്മിക്കാൻ സൈറസിനെയും തിരഞ്ഞെടുക്കുന്ന പഴയനിയമ ഭാഗങ്ങളും, പാപാന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും, ബന്ധനത്തിന്റെയും മർദ്ദനത്തിന്റെയും അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കും സകലജനതകളേയും വീണ്ടെടുക്കാൻ സമഗ്രവിമോചകനായി നസ്രായനെ ഉയർത്തുന്ന സുവിശേഷഭാഗവും...

തങ്ങളുടെ കുടുംബ ജീവിത സാഹചര്യങ്ങളിലേക്ക് മാത്രം ചുരുങ്ങാതെ, ചുറ്റുമുള്ളവരുടെ ഉയർച്ചയും വിമോചനവും തങ്ങളുടെ ദൗത്യമാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന ഒട്ടേറെ വിമോചകരെ ചരിത്രം നിരത്തുന്നുണ്ട്. അധികം പഴമയിലേക്ക് പോകാതെ നമുക്ക് സുപരിചിതരായവർ. നൂറ്റാണ്ടുകൾ നീണ്ട അടിമത്തത്തിൽനിന്നും ഭാരതത്തെ സ്വാതന്ത്ര്യപ്പുലരിയിലേക്ക് നയിച്ച മഹാത്മാഗാന്ധി, അമേരിക്കൻ ജനതയെ നയിച്ച എബ്രഹാം ലിങ്കൺ, അവിടെ പൗരാവകാശ സമരങ്ങൾ നയിച്ച മാർട്ടിൻ ലൂഥർ കിംഗ് ജൂണിയർ, ദക്ഷിണാഫ്രിക്കയുടെ ആദ്യ കറുത്ത



ഷാജി ആനാന്തുരുത്തി

പ്രസിഡന്റായ നെൽസൺ മണ്ടേല, അവിടുത്തെ വിവേചനങ്ങൾക്കെതിരെ പോരാടിയ റൂത്ത് ഫസ്റ്റ്... ഇങ്ങനെ നിരവധി നേതാക്കൾ..

നമ്മോടൊപ്പം ജീവിക്കുന്നവരും ഈ കൂട്ടത്തിലുണ്ട്. ആഫ്രിക്കൻ രാജ്യമായ സെനഗൽ പട്ടിണിയിലും, തൊഴിലില്ലായ്മയിലും, നിരക്ഷരതയിലുമൊക്കെ പേരുകേട്ട രാജ്യമാണ്. എന്നാൽ, ഈ പട്ടിണിപ്പാവങ്ങളിൽനിന്ന് ഫുട്ബോൾ ഇതിഹാസമായി കഷ്ടപ്പെട്ട് വളർന്ന സാഡിയോ മെയ്ൻ ഇന്നവരുടെ ”വലിയ ഹീറോ‘യാണ്. നാട്ടിൽ നിരവധി സ്കൂളുകളും, ഫുട്ബോൾ മൈതാനങ്ങളും പണിയുന്നതും, പട്ടിണി നിർമ്മാർജ്ജനവുമൊക്കെയാണ് തനിക്കു പ്രധാനമെന്ന്, പൊട്ടിയ മൊബൈൽ മാറ്റാത്തതെന്തെന്ന ചോദ്യത്തിന് മറുപടിയായി മെയ്ൻ പറയുന്നു. നിരവധി കുടുംബങ്ങളിൽ അദ്ദേഹം മാസംതോറും നൽകുന്ന 70 യൂറോ കൊണ്ടാണ് അടുപ്പ് പുകയുന്നത്. 21-ാം നൂറ്റാണ്ടിലെ മനുഷ്യത്വത്തിന്റെ രാജാവെന്നു വിളിക്കുന്നത്, മറ്റൊരു ഫുട്ബോളറെയാണ്;

സാക്ഷാൽ ക്രിസ്റ്റ്യാനോ റൊണാൾഡോയെ! ഏറ്റവും വലിയ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നിദാനമാകുന്ന കായികരാജാവ്. പാക്കിസ്താനിലെ പെൺകുട്ടികളുടെ ശബ്ദമായ മലാല യൂസഫ്സായി, ഇന്ത്യയിലെ മേധാപട്കർ, ദയാബായി, ഇറോം ശർമിള, 2011ലെ സമാധാന നൊബേൽ നേടിയ ലൈബീരിയൻ സമാധാന നേതാവ് ലെയ്മാ ബോവീ.. ഇങ്ങനെ ജീവിക്കുന്നവർ നിരവധി!

എന്നാൽ, ലോകരക്ഷകനെന്ന് അറിയപ്പെടുന്നത് നസ്രായനായ യേശുമാത്രം.. താനാരാണെന്നും, എന്താണ് ചെയ്യാനുള്ളതെന്നും ഉത്തമബോധ്യത്തോടെ വിളംബരം ചെയ്യുന്ന യേശുവിന്റ 'നസ്രത്ത് മാനിഫെസ്റ്റോ'യാണ് ലൂക്കാ സുവിശേഷകൻ അനാവരണം ചെയ്യുന്നത്.

## രക്ഷകനെ കാത്ത്..

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന് അഭിമാനിക്കുമ്പോഴും റോമൻ അടിമത്തത്തിനു കീഴിലായിരുന്ന യഹൂദജനത, മർദ്ദകരെയും ചൂഷകരെയും അടിച്ചൊതുക്കി തങ്ങളെ രക്ഷിക്കാൻ, മിശിഹാ - രക്ഷകൻ വരുമെന്ന വലിയ പ്രതീക്ഷയിലായിരുന്നു. മിശിഹാ കിരീടം ധരിച്ചും ചെങ്കോലേന്തിയും സിംഹാസനത്തിൽ വാഴും എന്നായിരുന്നു അവരുടെ പ്രതീക്ഷ. ഭരണകൂട അടിമത്തത്തോടൊപ്പം, പ്രബലമായ മതാധികാര നിയമ ഭീകരതകളും അനുഭവിച്ചിരുന്ന സാധാരണ ജനങ്ങളും, മാനുഷികത നഷ്ടപ്പെടാത്ത അവരിലെ ചില ഉന്നതരും യേശുവിനെ തങ്ങളിഷ്ടപ്പെടുന്ന ഗുരുവായി അംഗീകരിച്ചിരുന്നു; നിക്കോദേമൂസിനെപോലെ ചിലർക്ക് അവൻ മഹാനായ ഗുരുവുമായിരുന്നു. സിനഗോഗധികാരികൾ വലിയ ബഹുമാനത്തോടെ അവനെ സ്വീകരിച്ചിരുന്നു എന്നുവേണം കരുതാൻ. 'പതിവുപോലെ അവൻ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റുനിന്നു' എന്നു തുടങ്ങുന്ന വചനഭാഗങ്ങൾ അതിനു തെളിവാണ്. യഹൂദ ആചാരരീതിയനുസരിച്ച് വായിക്കുന്ന ”റബ്ബി‘ തന്നെയാണ് വചന വ്യാഖ്യാനവും ചെയ്യുന്നത്. എന്നാൽ സാധാരണ നേതാക്കൾ ചെയ്യുന്നതുപോലെ ഇവിടെ അധികഭാഷണങ്ങളില്ല, ഘോരപ്രഭാഷണങ്ങളുമില്ല. ശാന്തനായിരുന്ന് ഒരു വചനം മാത്രം, ”നിങ്ങൾ കേട്ടിരിക്കെ ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു.‘

## നസ്രത്ത് മാനിഫെസ്റ്റോ

യേശുവിന്റെ നസ്രത്തിലെ മാനിഫെസ്റ്റോ പ്രഖ്യാപിക്കുമ്പോൾ തന്റെ ജീവിതദൗത്യത്തെക്കുറിച്ചും ശുശ്രൂഷകളെകുറിച്ചും ഉറച്ച ബോധ്യം അവിടുത്തേക്കുണ്ട്. ദൗത്യവാഹകരെ തിരഞ്ഞെടുക്കുന്നത് ദൈവമാണെന്നും, ആത്മാവിന്റെ നിറവിലേ വിമോചനദൗത്യങ്ങൾ പൂർത്തിയാക്കാനാവൂ എന്നും തിരുവചനഭാഗങ്ങൾ അടിവരയിടുന്നു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തിയിരുന്നവരുടെ - ദരിദ്രർ, ബലഹീനർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെ - സമഗ്രവിമോചനമാണ് തന്റെ ലക്ഷ്യമെന്നും അവിടുന്ന് പ്രഖ്യാപിക്കുന്നു. പിന്നീട്, തന്റെ രാജ്യത്തിലേക്ക് പ്രവേശിക്കാൻ അവിടുന്നു പറയുന്ന മാനദണ്ഡങ്ങളും ഇതുതന്നെയാണ്; വിശക്കുന്നവർക്ക് ഭക്ഷണം നൽകാനും, വിവസ്ത്രരെ ഉടുപ്പിക്കാനും, ബന്ധിതരെ ആശ്വസിപ്പിക്കാനുമാണ് ആവശ്യപ്പെടുന്നത്.

## ആരാകരുത് എന്ന ബോധ്യം..

ഈ വേദപുസ്തകഭാഗങ്ങളിലൂടെ കടന്നുപോകുമ്പോൾ, കർത്താവിന് വായിക്കാനായി നൽകപ്പെട്ടത് ഏശയ്യാപ്രവാചകന്റെ പുസ്തകമായതുകൊണ്ട് (61ാം അദ്ധ്യായം 1-2 വചനങ്ങൾ), പ്രവാചകഗ്രന്ഥം കൂടി വായിക്കാൻ നാം നിർബന്ധിതരാകും. അവിടെ എന്നെ അൽഭുതപ്പെടുത്തിയത്, യേശു മന:പ്പൂർവ്വം ഒഴിവാക്കി എന്ന് ഞാൻ വിശ്വസിക്കുന്ന ഒരു ദൗത്യമാണ്! 'നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും പ്രഘോഷിക്കാൻ... അവിടുന്ന് എന്നെ അയച്ചിരിക്കുന്നു' എന്ന് പ്രവാചകൻ മുഴുമിപ്പിക്കുമ്പോൾ, പ്രതികാരം തന്റെ അജണ്ടയിലില്ലെന്ന് കർത്താവ് പറയാതെ പറയുന്നു. കൂടാതെ, 'അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോൾ' പ്രവാചകന്റെ 58-ാം അദ്ധ്യായത്തിലെ 'ഉപവാസ ചിന്തകൾ' കർത്താവ് എടുത്തുപറയുകയാണ്; '...മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ യഥാർത്ഥ ഉപവാസം' (ഏശയ്യ 58:6).

ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്, യേശുവിന് തന്റേയും, തന്റെ പിൻഗാമികളുടേയും ദൗത്യത്തെക്കുറിച്ച് ഉത്തമബോധ്യമുണ്ടായിരുന്നു എന്ന് തന്നെയാണ്. തങ്ങൾ ആരാകണമെന്നും, അതേസമയം ആരാകരുത് എന്നുമുള്ള കൃത്യമായ, വ്യക്തമായ ബോധ്യം..

## കേൾക്കാത്ത ചോദ്യങ്ങൾ..

ഒരു ശതമാനമെങ്കിലും ക്രൂശിതന്റെ വഴിയേ നടക്കണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ട് മനസ്സിൽ തികട്ടിവരുന്ന ചില ചോദ്യങ്ങൾ എഴുതാതെ വയ്യ; ക്ഷമിക്കുക.

ആടുകൾക്ക് വേണ്ടി ജീവനേകേണ്ട അവന്റെ സഭയിലെ ഇടയരും, ആടുകളുടെ കരച്ചിൽ കേൾക്കേണ്ട ”വലിയ ഇടയന്മാരും”, 'ബലിയല്ല കരുണയാണ് ഞാനാഗ്രഹിക്കുന്നതെന്ന്' അടിവരയിട്ട്, അവൻ പ്രഖ്യാപിച്ച ഈ 'നസ്രത്ത് മാനിഫെസ്റ്റോ' വിസ്മൃതിയിലാഴ്ത്തിയോ?

അവന്റെ പേരിൽ ഉയർത്തപ്പെടുന്ന അരമനകളുടെയും, അംബരചുംബികളായ ദേവാലയങ്ങളുടെയും ബലവത്തായ മതിലുകൾക്കപ്പുറമാണ് അവന്റ 'പ്രകടനപത്രിക'യിലെ പ്രവർത്തനമണ്ഡലമെന്ന് അവന്റെ ശബ്ദമാകേണ്ടവർ മറന്നുകഴിഞ്ഞോ?

'പ്രതികാരം' പുതിയനിയമത്തിന്റെ പാതയല്ലെന്ന് സ്വജീവിതംകൊണ്ട് അവൻ കാണിച്ചെങ്കിലും, പഴയനിയമത്തിന്റെ പാരമ്പര്യം പേറി പ്രതികാരമാണ്' തങ്ങളുടെ മുഖമുദ്രയെന്ന് 'പാരമ്പര്യം തലക്കുപിടിച്ച് സീറോ സഭാധികാരികൾ പറയാതെപറയുന്നില്ലേ?

ക്രിസ്തുവിന്റെ അനുയായി ആകേണ്ടവൻ ക്രിസ്തുവിനെപോലെ ജീവിച്ചാൽ മതി, ഇന്നത്തെ പള്ളിയുടെയും, സഭയുടെയും ആചാരബന്ധനങ്ങൾക്കുള്ളിൽ ഒതുങ്ങേണ്ടതില്ല എന്ന് ചിന്തിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു, പ്രത്യേകിച്ച് പുതുതലമുറയിൽ എന്ന വസ്തുത സഭയെ ബാധിക്കുമെന്ന തിരിച്ചറിവ് ഉണ്ടാകാത്തതെന്തേ?

രോഗികളേയും അബലരേയും ചേർത്തുപിടിച്ച, അത്ഭുതങ്ങളിലൂടെ അവർക്കത്താണിയായ, അവന്റെ പേരിലുള്ള ആതുരാലയങ്ങളെന്തേ, അവരുടെ കുടുംബവേരുകളറുക്കുന്ന കച്ചവടകേന്ദ്രങ്ങളാകുന്നു? അന്ധകാരത്തിൽനിന്ന് അറിവിന്റെ പ്രകാശത്തിലേക്ക് നയിക്കേണ്ട സഭാവിദ്യാലയങ്ങളെന്തേ കഴുത്തറപ്പൻ ബ്ലേഡ് മാഫിയകളാകുന്നു?

"അന്ധകാരത്തിന്, അന്ധകാരത്തെ തുടച്ചുമാറ്റാനാകില്ല, പ്രകാശത്തിനു മാത്രമേ അതിനു കഴിയൂ. വെറുപ്പിനെ തുടച്ചുമാറ്റാൻ വെറുപ്പിനാകില്ല, സ്നേഹം കൊണ്ടേ അതിനാകൂ" (മാർട്ടിൻ ലൂഥർ കിംഗ് ജൂണിയർ). നവോത്ഥാന കാൽവെപ്പുകളുടെ മുൻപന്തിയിൽ ക്രിസ്ത്യൻ മിഷണറിമാർ നിന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഈശോയുടെ രക്ഷാകരദൗത്യത്തിന്റെ കാതൽ മനസ്സിലാക്കി ബലഹീനരുടെയും, അടിച്ചമർത്തപ്പെട്ടവരുടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും, ആത്മീയാന്ധതബാധിച്ചവരുടെയും ശബ്ദമാകാനും പ്രകാശമാകാനും നൂറായിരം ക്രിസ്തുമാരുണ്ടാകട്ടെ എന്ന് പ്രത്യാശിക്കാം...



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com